# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2402** **09/03/2018-ലെ മറുപടി**

## കാവേരി ജല വിഹിതം പൂർണ്ണമായും ഉപയോഗിക്കുന്നില്ലെന്ന റിപ്പോർട്ടുകൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ. പാറക്കൽ അബ്ദുല്ല** | | **മാത്യു ടി. തോമസ്സ് (ജലവിഭവ വകുപ്പ് മന്ത്രി)** |
| എ) കാവേരി നദിയിൽ നിന്ന് 96 ടി.എം.സി ജലം ആവശ്യപ്പെട്ടിട്ടുള്ള സാഹചര്യത്തിൽ കേരളത്തിന് ഇപ്പോൾ എത്ര ടി.എം.സി ജലമാണ് ലഭിക്കുന്നത്; | എ) | കേരളം കാവേരി നദിയിൽ നിന്ന് 96 റ്റി.എം.സി ജലം ബഹു.സുപ്രീം കോടതിയുടെ മുമ്പാകെ ആവശ്യപ്പെട്ടെങ്കിലും, കാവേരി തർക്ക ട്രൈബ്യൂണലിന്റെ അവാർഡ് ശരി വച്ച് കൊണ്ട് ബഹുമാനപ്പെട്ട സുപ്രീം കോടതി 30 റ്റി.എം.സി ജലമാണ് കേരളത്തിന് അനുവദിച്ചിട്ടുള്ളത്. |
| ബി)2007-ൽ കാവേരി ട്രിബ്യൂണൽ അനുവദിച്ച ജലം കേരളം പൂർണമായും ഉപയോഗിക്കുന്നില്ലെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;<br><br>സി) എങ്കിൽ കാവേരി ജലവിഹിതം കാര്യക്ഷമമായി ഉപയോഗപ്പെടുത്തുന്നതിനനുയോജ്യമായ പദ്ധതികൾ ആവിഷ്കരിക്കാൻ സാധിക്കാതെ പോയിട്ടുണ്ടോ ; | ബി) & സി) | 2007-ൽ കാവേരി നദീജലതർക്ക ട്രൈബ്യൂണൽ അനുവദിച്ച ജലം പൂർണ്ണമായി വിനിയോഗിച്ചുകൊണ്ട്, കേരളത്തിന് അനുവദിച്ച എല്ലാ പദ്ധതികളും ആവിഷ്കരിച്ച് നടപ്പാക്കാനുള്ള നടപടികൾ എടുത്തു വരുന്നു. |
| ഡി) കാവേരി ജലവിഹിതം മുന്നിൽകണ്ട് കൊണ്ട് കേരളം ആവിഷ്കരിച്ച പദ്ധതികൾ ഏതൊക്കെ ; അവ ഓരോന്നും ഇപ്പോൾ ഏതു ഘട്ടത്തിലാണ് ? | ഡി) | കാവേരി ബേസിനിൽ കേരളം വിഭാവനം ചെയ്തിട്ടുള്ള പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.<br>പാമ്പാർ ബേസിനിൽ ചെങ്കല്ലാർ നദിയുടെ കുറുകെ നിർമ്മിക്കുന്ന പട്ടിശ്ശേരി ഡാം ചെങ്കല്ലാർ സ്കീമിൽ ഉൾപ്പെടുന്നതാണ്. ഈ ഡാമിന്റെ ഉപഭോഗം 0.075 റ്റി.എം.സി ആണ്. പ്രസ്തുത ഡാമിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ചില സാങ്കേതിക കാരണങ്ങളാൽ മുടങ്ങിയിരിക്കുകയാണെങ്കിലും ഇത് |

പുനരാരംഭിക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്.

പാമ്പാർ ബേസിനിൽ 0.78 റ്റി.എം.സി അനുവദിച്ച തലയാർ സ്കീമിൽ ഉൾപ്പെടുന്ന അപ്പർ ചട്ട മൂന്നാർ ഡാം, ലോവർ ചട്ട മൂന്നാർ ഡാമുകളുടെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ ചെയ്തു വരുന്നു. 0.52 റ്റി.എം.സി ജലം അനുവദിച്ചിട്ടുള്ള വട്ടവട സ്കീമിൽ ഉൾപ്പെടുന്ന ഒറ്റമരം പദ്ധതിയുടെ നിർമ്മാണത്തിനുള്ള പര്യവേഷണ പ്രവൃത്തി പുരോഗതിയിലാണ്.

ഭവാനി ബേസിനിൽ 2.87 റ്റി.എം.സി ജലം ഉപയോഗിക്കുവാനുള്ള അട്ടപ്പാടി വാലി ഇറിഗേഷൻ പദ്ധതിയുടെ പാരിസ്ഥിതികാനുമതിയ്ക്കായുള്ള പരിസ്ഥിതി ആഘാത പഠനത്തിന്റെ പരിഗണന വിഷയങ്ങൾ (TOR) അംഗീകരിച്ച് തരുന്നതിനായി കേന്ദ്രവനം പരിസ്ഥിതി മന്ത്രാലയത്തിന് (MOEFCC) അപേക്ഷ സമർപ്പിച്ചിട്ടുണ്ടെങ്കിലും തമിഴ്നാട് സർക്കാരിന്റെ എതിർപ്പിനെയും കാവേരി വിധിയ്ക്കെതിരെയുള്ള Civil Appeals സുപ്രീം കോടതിയുടെ പരിഗണനയിലും ആയതിനാലും പ്രസ്തുത പഠനത്തിന്റെ TOR, MOEFCC അംഗീകരിക്കുകയുണ്ടായില്ല. എന്നാൽ 16/02/2018-ലെ കാവേരി കേസിലെ സുപ്രീം കോടതിയുടെ വിധി പ്രകാരം ട്രൈബ്യൂണൽ അനുവദിച്ച കേരളത്തിന്റെ വിഹിതത്തിൽ മാറ്റം വരുത്താത്തതിനാൽ പ്രസ്തുത പദ്ധതിയുമായി മുന്നോട്ട് പോകുന്നതിന് നിയമതടസ്സങ്ങളില്ല.

ഭവാനി ബേസിനിൽ 0.29 റ്റി.എം.സി അനുവദിച്ച പാന്തൻതോട് ഡൈവേർഷൻ പദ്ധതിയുടെ അറ്റകുറ്റപ്പണികൾ പുരോഗമിച്ചു വരുന്നു. കാവേരി തർക്ക ട്രൈബ്യൂണൽ അവാർഡ് പ്രകാരം 0.57 റ്റി.എം.സി ജലം അനുവദിച്ച അരളി-ഇടുക്കി ജലസേചനപദ്ധതിയിൽ ഉൾപ്പെടുന്ന ഇടുക്കി അണക്കെട്ടിന്റെ സ്ഥാനം സൈലന്റ് വാലി ഉദ്യാനത്തിന്റെ സമീപത്തായിട്ടാണ്. ആയതിനാൽ അരളി അണക്കെട്ടിന് മാത്രമായി, കാവേരി തർക്ക ട്രൈബ്യൂണൽ അനുവദിച്ച 0.57 റ്റി.എം.സി ജലം ഉപയോഗിയ്ക്കുവാൻ സാധ്യമാകുമോ എന്നതിനെ സംബന്ധിച്ച് പര്യവേഷണ ഘട്ടത്തിലാണ്.

കബനി ബേസിനിൽ അനുവദിയ്ക്കപ്പെട്ടിട്ടുള്ള 21 റ്റി.എം.സി ജലത്തിൽ 2.8 റ്റി.എം.സി ജലം

കാരാപ്പുഴ പദ്ധതിയ്ക്കായി അനുവദിയ്ക്കപ്പെട്ടിട്ടുള്ളതാണ്. 2010 വർഷത്തിൽ ഭാഗികമായി കമ്മീഷൻ ചെയ്ത കാരാപ്പുഴ പദ്ധതിയുടെ ഇടതു കര വലതുകര കനാലിലൂടെ ജലസേചനം നടത്തി വരുന്നുണ്ട്. പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് അനുവദിക്കപ്പെട്ട മുഴുവൻ ജലവും ഉപയോഗിക്കാൻ സാധിക്കുന്നതാണ്.

ബാണാസുര സാഗർ പദ്ധതിയ്ക്കായി അനുവദിക്കപ്പെട്ട 0.84 റ്റി.എം.സി ജലം പ്രസ്തുത പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് ഉപയോഗപ്പെടുത്താൻ സാധിക്കുന്നതാണ്.

കബനി ബേസിനിൽ ബാണാസുര സാഗർ ജലസംഭരണിയിൽ നിന്നും കക്കയം ജലസംഭരണിയിലേയ്ക്ക് ജലം തിരിച്ച് വിട്ട് , KSEB ജലവൈദ്യുത പദ്ധതിയുടെ ഭാഗമായി വൈദ്യുതി ഉൽപാദിപ്പിച്ചതിനു ശേഷം ആ ജലം പെരുവണ്ണാമൂഴി/കബനി ജലസംഭരണിയിൽ ശേഖരിച്ച് കുറ്റ്യാടി ജലസേചനത്തിനും കൂടാതെ ജപ്പാൻ കുടിവെള്ള പദ്ധതിയുടെ ഭാഗമായി കോഴിക്കോട് കോർപ്പറേഷനും ജലം നൽകി വരുന്നു.

കൂടാതെ കാവേരി ജലം കാര്യക്ഷമമായി ഉപയോഗപ്പെടുത്തുന്നതിനായി കബനി ബേസിനിൽ താഴെ പറയുന്ന പദ്ധതികളും കാവേരി തർക്ക ട്രൈബ്യൂണൽ അവാർഡിൽ അനുമതി ലഭിച്ചിട്ടുണ്ട്.

കടമാൻ തോട് - 1.53 റ്റി.എം.സി, ചൂണ്ടാലിപ്പുഴ- 1.31 റ്റി.എം.സി, നൂൽപ്പുഴ -1.25 റ്റി.എം.സി, കല്ലാംപതി -2.49 റ്റി.എം.സി, തിരുനെല്ലി -1.8 റ്റി.എം.സി, തൊണ്ടാർ - 1.75 റ്റി.എം.സി, പെരിങ്ങോട്ടുപ്പുഴ -1.37 റ്റി.എം.സി.

ഇതിൽ കടമാൻ തോട് , ചൂണ്ടാലിപ്പുഴ, നൂൽപ്പുഴ എന്നിവയുടെ ഡി.പി.ആർ തയ്യാറാക്കിയിട്ടുണ്ട്. മറ്റുള്ളവ ഇൻവസ്റ്റിഗേഷൻ ഘട്ടത്തിലാണ്.

കൂടാതെ കബനി, പാമ്പാർ, ഭവാനി ബേസിനിൽ ചെറുകിട ജലസേചന പദ്ധതികൾക്കായി ട്രൈബ്യൂണൽ അവാർഡിൽ അനുവദിച്ചിട്ടുള്ള ജലം ഉപയോഗിക്കുന്നതിന് വേണ്ടി അനുയോജ്യമായ ചെറുകിട പദ്ധതികൾ നടപ്പിലാക്കാനുള്ള നടപടികളും സ്വീകരിച്ചു വരുന്നു.

Sd/-

**സെക്ഷൻ ഓഫീസർ**